**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6448** **10-11-2021 - ൽ മറുപടിയ്ക്ക്**

**മണ്ഡപത്തിൻകടവും കൽമണ്ഡപവും ഉൾപ്പെടുന്ന സ്ഥലത്തിന്റെ വിശദവിവരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിലെ മണ്ഡപത്തിൻകടവും കൽമണ്ഡപവും ഉൾപ്പെടുന്ന സ്ഥലം ആരുടെ/ഏത് വകുപ്പിന്റെ ഉടമസ്ഥതയിലാണെന്നും ഇതിന്റെ വിസ്തീർണ്ണവും സർവ്വേ നമ്പരും ഉൾപ്പെടെയുള്ള വിശദവിവരങ്ങളും ലഭ്യമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ മാവേലിക്കര വില്ലേജിൽ അച്ചൻകോവിലാറിന്റെ തീരത്തുള്ള മണ്ഡപത്തിൻകടവ് നിൽക്കുന്നത് ബ്ലോക്ക് 13 റീസർവ്വേ 7 ൽപ്പെട്ട സ്ഥലത്താണ്. ഇത് ബി. റ്റി.ആർ പ്രകാരം അച്ചൻകോവിലാറിന്റെ ഭാഗമായാണ് കിടക്കുന്നത്. ഇത് മാവേലിക്കര മുൻസിപ്പാലിറ്റിയുടെ അധീനതയിൽ വരുന്നു. ഈ സർവ്വേ നമ്പറിലെ അച്ചൻകോവിലാറ് ഉൾപ്പെടുന്ന സ്ഥലത്തിന്റെ ആകെ വിസ്തീർണ്ണം 07 ഹെക്ടർ 19 ആർസ് 36 ച. മീ. ആണ്. മണ്ഡപത്തിൻകടവ് പ്രത്യേകമായി സബ്ഡിവിഷൻ ചെയ്തിട്ടില്ല. മണ്ഡപത്തിൻകടവിന്റെ ഭാഗമായി വരുന്ന വിശ്രമകേന്ദ്രം സ്ഥിതി ചെയ്യുന്നത് ബ്ലോക്ക് 17 ൽ റീസർവ്വേ 2 ൽ പ്പെട്ട PWD റോഡ് പുറമ്പോക്കിന്റെ ഭാഗമായാണ്. ഈ സർവ്വേ നമ്പരിൽ പ്പെട്ട വസ്തുവിന്റെ ആകെ വിസ്തീർണ്ണം 23 ആർസ് 20 ച. മീ. ആണ്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിൽ കയ്യേറ്റങ്ങൾ ഉണ്ടായിട്ടുണ്ടോയെന്നും എങ്കിൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ സ്വീകരിച്ച നടപടികളും വിശദമാക്കുമോ? | (ബി) | കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ